# ആരോഗ്യകേരളം

വാർത്താപത്രിക

NATIONAL RURAL HEALTH MISSION · ആരോഗ്യകേരളം

കേരള സർക്കാർ

www.arogyakeralam.gov.in തിരുവനന്തപുരം ഡിസംബർ 2010 ലക്കം 17 വാല്യം 1


# എൻഡോസൾഫാൻ – കാസർകോട് ജില്ലയ്ക്ക് പ്രത്യേക ഹെൽത്ത് പാക്കേജ്

ജില്ലയിൽ എൻഡോസൾഫാൻ ദുരുപയോഗം മൂലമുണ്ടായിട്ടുള്ള ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നതിനായി ഒരു പ്രത്യേക പാക്കേജിന് ആരോഗ്യവകുപ്പ് രൂപം നൽകി. ദുരിതബാധിത പ്രദേശങ്ങളിലെ പഞ്ചായത്തുകളിൽ സ്പെഷ്യാലിറ്റി, സൂപ്പർസ്പെഷ്യാലിറ്റി ഡോക്ടർമാരെ ഉൾപ്പെടുത്തി അമ്പതോളം മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കും. 2010 ഡിസംബർ 16 മുതൽ ക്യാമ്പുകൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ക്യാമ്പിലെത്തുന്ന രോഗികളിൽ നിന്നും ദീർഘകാല ചികിത്സ ആവശ്യമുള്ള രോഗികളുടെ ലിസ്റ്റ് തയ്യാറാക്കി റഫറൽ ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തും. ക്യാമ്പുകളിൽ മെഡിക്കൽ സേവനവും ഉറപ്പാക്കും. ദുരിതബാധിതപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും സാമൂഹികാരോഗ്യകേന്ദ്രങ്ങളിലും നഴ്സുമാരെയും പാരാമെഡിക്കൽ ജീവനക്കാരെയും അധികമായി നിയമിക്കാനുള്ള നടപടികളും ആരംഭിച്ചു.



ഈ പ്രദേശങ്ങളിലെ 12 പി.എച്ച്.സി–സി.എച്ച്.സികളിലായി 24 സ്റ്റാഫ് നഴ്സുമാരെയും 12 ഫിസിയോതെറാപ്പിസ്റ്റുകളെയും അധികമായി നിയമിക്കും. കൂടാതെ ഇവിടുത്തെ ആരോഗ്യകേന്ദ്രങ്ങളിലെ ആവശ്യം മനസ്സിലാക്കി മൂന്ന് ലാബ്ടെക്നീഷ്യന്മാരെയും ഓരോ എക്സ്റേടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നിവരെയും നിയമിക്കും. ഇതിനു പുറമെ ഓരോ സബ് സെന്ററിലും രണ്ട് ജെ.പി.എച്ച്.എന്റെയും ഒരു ജെ.എച്ച്.ഐയുടെയും സേവനം ഉറപ്പാക്കും. ഇതിലേക്കായി നിലവിലുള്ള ജെ.പി.എച്ച്.എൻ, ജെ.എച്ച്.ഐക്ക് പുറമെ അധികമായി 70 ജെ.പി.എച്ച്.എൻ മാരെയും 31 ജെ.എച്ച്.ഐ മാരെയും നിയമിക്കും. അജാനൂർ, കയ്യൂർ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ പുതുതായി ഓരോ ലബോറട്ടറി ആരംഭിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ദുരിതബാധിത പ്രദേശങ്ങളിലെ 12 ആരോഗ്യസ്ഥാപനങ്ങളിലും ഓരോ വാഹനം വീതം നൽകും. ഈ വാഹനങ്ങളിലേക്കായി പരിശീലനം ലഭിച്ച മെയിൽ സ്റ്റാഫ് നഴ്സിനെ നിയമിക്കും. ഇവർക്ക് മൊബൈൽഫോൺ സൗകര്യം നൽകും. ഈ മൊബൈൽ നമ്പർ ദുരിതബാധിത പ്രദേശങ്ങളിലുടനീളം ലഭ്യമാക്കും. ആശുപത്രി സൗകര്യം വേണ്ടിവരുന്ന കിടപ്പിലായവരെ ആവശ്യാനുസരണം പ്രാഥമിക/സാമൂഹികാരോഗ്യകേന്ദ്രങ്ങൾ, ജില്ല, ജനറൽആശുപത്രികൾ, മറ്റാശുപത്രികൾ എന്നിവിടങ്ങളിൽ സൗജന്യമായി എത്തിക്കാനായി ഈ വാഹനം ഉപയോഗിക്കാവുന്നതാണ്. ജില്ലയിൽ നിലവിലുള്ള ഒരു മൊബൈൽ യൂണിറ്റിന് പുറമെ ദുരിതബാധിത പ്രദേശങ്ങളിലെ പ്രത്യേക സേവനത്തിനായി ബദിയടുക്ക, പെരിയ സാമൂഹികാരോഗ്യകേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് രണ്ട് മൊബൈൽ യൂണിറ്റുകൾ കൂടി പ്രവർത്തനമാരംഭിക്കും. ഈ മൊബൈൽ യൂണിറ്റുകളിൽ ഡോക്ടർമാർക്കു പുറമെ മെയിൽ നഴ്സ്, സ്പെഷ്യൽ എം.ആർ. എഡ്യുക്കേറ്റർ എന്നിവരുടെ സേവനവും ലഭ്യമാക്കും.

ദുരിതബാധിതമേഖലയിലെ എല്ലാ ആരോഗ്യസ്ഥാപനങ്ങളിലും ആവശ്യാനുസരണം മരുന്ന് ലഭ്യമാക്കാനുള്ള നടപടിയും സ്വീകരിച്ചു കഴിഞ്ഞു. കൂടാതെ ഈ പ്രദേശത്തെ പി.എച്ച്.സി/സി.എച്ച്.സി. കൾ വഴി കിടപ്പിലായ രോഗികൾക്കായി വീൽചെയർ, കാലിപ്പേഴ്സ്, വാക്കർ മുതലായവ സൗജന്യമായി നൽകും. പ്രദേശത്തെ മുഖ്യ ആശുപത്രികളായ പനത്തടി, ബദിയടുക്ക സി.എച്ച്. സി കളിലെ ഓപ്പറേഷൻ തീയേറ്ററിൽ കൂടുതൽ സൗകര്യംഏർപ്പെടുത്തുന്നതാണ്. ബ്ലഡ് സ്റ്റോറേജ് യൂണിറ്റ്, എക്സ്റേ സൗകര്യം മുതലായവ ഇതിലുൾപ്പെടുത്തും. ഇതു കൂടാതെ ഈ 11 പഞ്ചായത്തിലെ എല്ലാ സർക്കാർ ആശുപത്രികളിലും വീൽചെയർ, പേഷ്യന്റ് വെയിറ്റിങ് ഏരിയ എന്നിവ ഏർപ്പെടുത്തും.

എൻഡോസൾഫാൻ ബാധിത പ്രദേശങ്ങളിലാകെ സാന്ത്വന പരിചരണസേവനം ലഭ്യക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിലേക്കായി സാന്ത്വന പരിചരണത്തിൽ പ്രത്യേകം പരിശീലനം ലഭിച്ച ആശമാരെയും നഴ്സുമാരെയും നിയോഗിക്കും. സാന്ത്വന പരിചരണത്തിനായുള്ള പരിശീലനം ഈ മേഖലയിലെ വിദഗ്ദ്ധ സ്ഥാപനമായ കോഴിക്കോട്ടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് മെഡിസിനിലെ വിദഗ്ദ്ധർ ആശമാർക്കും നഴ്സുമാർക്കുമായി സംഘടിപ്പിച്ചുവരുന്നു. കൂടാതെ കോഴിക്കോട്ടുള്ള ഇംഹാൻസ് (IMHANS) ന്റെ നേതൃത്വത്തിൽ സാമൂഹികാധിഷ്ഠിത മാനസികാരോഗ്യക്യാമ്പുകളും സംഘടിപ്പിക്കാൻ തീരുമാനിച്ചു.

## ആശമാരുടെ സേവനം തദ്ദേശ – സ്വയംഭരണ സ്ഥാപനങ്ങളിലും

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ 759 ആശാപ്രവർത്തകർ ജനപ്രതിനിധികളായി തെരഞ്ഞെടുക്കപ്പെട്ടു. ഇവരിൽചിലർ ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാരായി. എൽ.ഡി.എഫ്, യു.ഡി.എഫ്, ബി.ജെ.പി, സ്വതന്ത്ര വിഭാഗങ്ങളെപ്രതിനിധീകരിച്ച് തെരഞ്ഞെടുപ്പിൽ മത്സരിച്ച ആശാപ്രവർത്തകരിൽ 45% പേർ വിജയിച്ചു. ജനകീയ പ്രവർത്തനത്തിനുള്ള അംഗീകാരമായി വേണം ഇതിനെ കരുതാൻ. ജനപ്രതിനിധികളായി തെരഞ്ഞെടുക്കപ്പെട്ട ആശാപ്രവർത്തകർക്ക് ആരോഗ്യകേരളത്തിന്റെ ആശംസകൾ.

**കോഴിക്കോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് മെഡിസിൻ സാന്ത്വന പരിചരണത്തിൽ ലോകാരോഗ്യസംഘടനയുടെ സഖ്യകേന്ദ്രമായി തെരഞ്ഞെടുക്കപ്പെട്ടു. സാന്ത്വനപരിചരണ മേഖലയിൽ ലോകത്തെ അഞ്ചാമത്തെയും വികസ്വര രാജ്യത്തെ ആദ്യത്തെയും സഖ്യകേന്ദ്രമാണിത്.**



## മന്തുരോഗചികിത്സയ്ക്ക് ടെലികോൺഫറൻസിങ്

**ലോ**കത്ത് ആദ്യമായി മന്തുരോഗികൾക്ക് രോഗചികിത്സ നിർദ്ദേശിക്കാനും നിരീക്ഷിക്കാനുമുള്ള ടെലികോൺഫറൻസിങ് സംവിധാനത്തിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അപ്ലൈഡ് ഡർമറ്റോളജി (IAD) യിൽ തുടക്കമായി. IAD മുഖേന കേരളത്തിലെ ആലപ്പുഴയിലെയും കർണ്ണാടകയിലെ ഗുൽബർഗയിലേയും അഞ്ഞൂറുവീതം നിർധനരോഗികൾക്ക് ചികിത്സ എത്തിക്കുന്നതിന്റെഭാഗമായിട്ടാണ് ടെലിമെഡിസിൻ സംവിധാനം നിലവിൽ വന്നത്. ഇതിലൂടെ ലോകത്തൊട്ടാകെയുള്ള രോഗികൾക്ക് ഡോക്ടർമാരുമായി നേരിൽ കണ്ട് രോഗവിവരം സംസാരിക്കാം.

# ഊർജ്ജിത രോഗപ്രതിരോധ മാസാചരണം

**രോ**ഗപ്രതിരോധ കുത്തിവയ്പിലൂടെ തടയാവുന്ന മാരകരോഗങ്ങൾ കേരളത്തിൽ വർദ്ധിക്കുന്ന സാഹചര്യവും രോഗപ്രതിരോധ കുത്തിവെയ്പ്പുകൾ എടുക്കുന്ന കുട്ടികളുടെ എണ്ണത്തിലുള്ള കുറവും കണക്കിലെടുത്ത് 2008 മുതൽ എല്ലാ വർഷവും ഒക്ടോബർ മാസമോ നവംബർ മാസമോ രോഗപ്രതിരോധ കുത്തിവെയ്പ്പു മാസമായി ആചരിച്ചു വരുന്നു. 2010 നവംബറിൽ പ്രാദേശിക സാഹചര്യങ്ങൾക്കനുസൃതമായ തീവ്രമായ പ്രചാരണ പരിപാടികൾക്കാണ് ഊന്നൽ നൽകുന്നത്. ഇതിന് ജില്ലകൾക്ക് വിശദമായ മാർഗ്ഗരേഖ നൽകി. മാർഗ്ഗരേഖ പ്രകാരം താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നവംബർ മാസത്തിൽ ജില്ലയിൽ നടന്നു.

- ❑ രോഗപ്രതിരോധ ചികിത്സയ്ക്ക് വിമുഖത കാണിക്കുന്ന വിഭാഗങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനായ് പി.എച്ച്.സി തലത്തിൽ ഫീൽഡ് വിസിറ്റ് ടീം രൂപീകരിക്കും. ഫീൽഡുതല പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സി.എച്ച്.സി. തലത്തിൽ മോണിറ്ററിങ് കമ്മിറ്റിക്ക് രൂപം നൽകും.
- ❑ ആശാപ്രവർത്തകരും ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരും മുഖേനയുള്ള വ്യക്തിഗത ആശയവിനിമയ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും.
- ❑ നവംബർമാസത്തിലെ വാർഡുതല ആരോഗ്യ-പോഷകദിനങ്ങളിൽ രോഗപ്രതിരോധ വാക്സിനേഷൻ/പ്രചാരണ പരിപാടികൾക്ക് മുൻതൂക്കം നൽകും.
- ❑ ഇതോടനുബന്ധിച്ചുള്ള പുറത്തിറക്കുന്ന എല്ലാ പ്രചാരണ സാമഗ്രികളിലും 2001 നവംബർ 1 ന് പുറത്തിറക്കിയ മീസിൽസ് 2-ാം ബൂസ്റ്റർ ഡോസിനെക്കുറിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തും.

# പൊതുജനസമ്പർക്ക പരിപാടി



**കേ**ന്ദ്ര-കേരള സർക്കാരുകളുടെ പദ്ധതികളെയും പരിപാടികളെയും പറ്റി പൊതുജനങ്ങൾക്ക് അവബോധമുണ്ടാക്കുന്നതിനായി കേന്ദ്രസർക്കാർ വാർത്താവിതരണ മന്ത്രാലയത്തിന്റെ കീഴിലുള്ള പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ കുമളിയിൽ സംഘടിപ്പിച്ച പൊതുജന സമ്പർക്ക പരിപാടി ശ്രദ്ധേയമായി. ഇതിൽ ആരോഗ്യകേരളംഇടുക്കിയുടെ സ്റ്റാളുകൾ ജനശ്രദ്ധ പിടിച്ചുപറ്റി. വ്യത്യസ്തമായ ആശയപ്രചരണ രീതി, ഗെയിമുകൾ, പ്രിന്റഡ് മെറ്റീരിയലുകളുടെ വിതരണം, ഓഡിയോ വിഷ്വൽ സഹായത്തോടെയുള്ള പ്രചാരണ പരിപാടി തുടങ്ങിയവ ഇതോടനുബന്ധിച്ച് സംഘടിപ്പിച്ചു. നവംബർ മാസം രോഗപ്രതിരോധമാസമായി ആചരിക്കുന്നതിനാൽ രോഗപ്രതിരോധ കുത്തിവെയ്പ്പുകളും മരുന്നുകളും ആണ് ആശയപ്രചാരണത്തിന്റെ മുഖ്യ വിഷയം.

മൂന്നു ദിവസം നീണ്ടുനിന്ന പരിപാടിയിൽ മെഡിക്കൽ ക്യാമ്പും സംഘടിപ്പിക്കപ്പെട്ടു. വിവിധ സ്പെഷ്യാലിറ്റികളിലായി 267 പേർ പങ്കെടുത്തു. മരുന്നുകളുടെയും, ഡോക്ടർമാരുടെയും ലഭ്യത കൊണ്ടും സംഘാടനമികവുകൊണ്ടും മെഡിക്കൽ ക്യാമ്പ് ശ്രദ്ധേയമായി. 30 പേരെ വിദഗ്ദ്ധ പരിശോധനയ്ക്കും ചികിത്സയ്ക്കുമായി വണ്ടിപ്പെരിയാർ സി.എച്ച്.സി., പീരുമേട് താലൂക്കാശുപത്രി എന്നിവിടങ്ങളിലേക്ക് റഫർ ചെയ്തു. കേന്ദ്രസർക്കാർ ഫീൽഡ് പബ്ലിസിറ്റി ഡയറക്ടറേറ്റിന്റെ ഉന്നതോദ്യോഗസ്ഥർ പരിപാടിയിൽ പങ്കെടുത്തു.

ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം കേരളത്തിലുടനീളം ചെയ്തു വരുന്ന പരിപാടികളും പദ്ധതികളും ജനങ്ങൾക്കു മുന്നിൽ പരിചയപ്പെടുത്തുവാനും, രോഗപ്രതിരോധ കുത്തിവെയ്പുകളുടെ പ്രാധാന്യം ജനങ്ങളെ അറിയിക്കാനും ഈ പരിപാടി കൊണ്ടു സാധിച്ചു.

# കൗമാരക്കാർക്ക് സഞ്ചരിക്കുന്ന ക്ലിനിക്ക്




**കൗ**മാരക്കാരുടെ ആരോഗ്യപ്രശ്നങ്ങൾക്കും മാനസിക സംഘർഷങ്ങൾക്കും പരിഹാരമായി എറണാകുളം ജില്ലയിൽ സഞ്ചരിക്കുന്ന ക്ലിനിക്കുകൾ. കൗമാര ലൈംഗിക ആരോഗ്യ-വിദ്യാഭ്യാസ പ്രചരണപരിപാടിയുടെ ഭാഗമായി ആരോഗ്യകേരളം ജില്ലയിൽ സഞ്ചരിക്കുന്ന അഡോളസെന്റ് ക്ലിനിക്കുകൾ ആരംഭിച്ചു. ജില്ലയിലെ സബ്സെന്റർ മുതൽ ജില്ലാ ആശുപത്രി വരെ ക്ലിനിക്കിന്റെ സേവനം ലഭ്യമാക്കും. ഇതോടൊപ്പം ഹൈസ്കൂളുകളിലും കോളെജുകളിലും ഹോസ്റ്റലുകളിലുമൊക്കെ സഞ്ചരിക്കുന്ന ക്ലിനിക്ക് എത്തും. സഞ്ചരിക്കുന്ന ക്ലിനിക്കിൽ ഡോക്ടർമാരുടെയും നഴ്സുമാരുടെയും കൗൺസിലർമാരുടെയും സേവനം ലഭ്യമാണ്. ബോധവത്ക്കരണ സെമിനാറുകൾ സംഘടിപ്പിക്കും. രോഗപ്രതിരോധ കുത്തിവെയ്പ്പ് ക്ലിനിക്കിൽ ലഭ്യമാണ്. 0484 2354737 എന്ന നമ്പറിലേക്ക് വിളിച്ചാൽ മൊബൈൽ ക്ലിനിക്കിന്റെ സേവനം ലഭിക്കും.

2010 നവംബർ 18 ന് എറണാകുളം ജില്ലാ കളക്ടർ ഡോ. എം. ബീന ഐ.എ.എസ്, സഞ്ചരിക്കുന്ന ആശുപത്രിയുടെ ഫ്ളാഗ് ഓഫ് കർമ്മം നിർവ്വഹിച്ചു.

# ആശാപ്രവർത്തകർ അരങ്ങത്തേയ്ക്ക്

ജില്ലാ ആരോഗ്യ കുടുംബക്ഷേമസൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ സ്വഭാവവ്യതിയാനത്തിനായുള്ള ആശയവിനിമയത്തിന്റെ പ്രാരംഭ പദ്ധതിനിർവ്വഹണത്തിന്റെ ഭാഗമായി വിതുരബ്ലോക്കിലെ ആരോഗ്യപ്രവർത്തകർ ബ്ലോക്കിന്റെ വിവിധഭാഗങ്ങളിൽ തെരുവുനാടകം അവതരിപ്പിച്ചു..

പദ്ധതിനിർവ്വഹണത്തിന്റെ ഭാഗമായി തെരുവുനാടകത്തിനു പുറമെ മികച്ച അമ്മയും കുഞ്ഞും, ആരോഗ്യമുള്ള കുടുംബം എന്നിവയെ കണ്ടെത്തൽ, ഗർഭകാല പരിചരണം, ശിശു സംരക്ഷണം, കൗമാര വിദ്യാഭ്യാസം, ജനന നിയന്ത്രണ മാർഗ്ഗങ്ങൾ തുടങ്ങിയ വിഷയങ്ങളിലുള്ള ക്ലാസുകൾ ഹ്രസ്വചിത്രങ്ങളുടെ പ്രദർശനം എന്നിവ സംഘടിപ്പിക്കും.



# പൊലീസ് ജീവനക്കാർക്കായി ജീവിതശൈലീ രോഗനിർണ്ണയ ക്യാമ്പ്



ആരോഗ്യകേരളം ജീവിതശൈലീരോഗനിയന്ത്രണ പരിപാടിയുടെ ഭാഗമായി കേരളാ പൊലീസിന്റെ സഹകരണത്തോടെ തിരുവനന്തപുരം നഗരത്തിലെ പൊലീസ് ജീവനക്കാർക്കായി ജീവിതശൈലീരോഗനിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിച്ചു. .

2010 നവംബർ 2 മുതൽ 29 വരെ സംഘടിപ്പിച്ച പതിമൂന്ന് ക്യാമ്പുകളിൽ നിന്ന് 1334 പേർക്ക് സേവനം ലഭ്യമായി. ഡോക്ടർമാർ, ഓഫ്താൽമിക് അസിസ്റ്റന്റ് ഡയറ്റീഷ്യൻ, ജെ.പി.എച്ച്.എൻ, ഫാർമസിസ്റ്റ് എന്നിവരടങ്ങിയ ടീം രക്തസമ്മർദ്ദം, ബോഡിമാസ് ഇൻഡക്സ്, പ്രമേഹം, കൊളസ്ട്രോൾ തുടങ്ങിയവ പരിശോധിക്കുകയും മരുന്നുകൾ വിതരണം ചെയ്യുകയും ചെയ്തു. വനിതാ ജീവനക്കാർക്ക് നവംബർ 29 ന് റീജണൽ ക്യാൻസർ സെന്ററിന്റെ സഹകരണത്തോടെ പ്രത്യേക അർബുദ നിർണ്ണയക്യാമ്പും സംഘടിപ്പിച്ചു. ജില്ലയിലെ 100 വനിതാ ജീവനക്കാർ പ്രസ്തുത ക്യാമ്പിൽ പരിശോധനയ്ക്ക് വിധേയരായി.

ആഭ്യന്തര വിജിലൻസ് ടൂറിസം മന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണൻ നവംബർ 9–ാം തീയതി എ. ആർ. ക്യാമ്പിൽ ഉത്ഘാടനം നിർവ്വഹിച്ച ക്യാമ്പിൽ ശ്രീ. പി. ചന്ദ്രശേഖരൻ ഐ.പി.എസ് (എ.ഡി.ജി.പി സൗത്ത് സോൺ) അദ്ധ്യക്ഷത വഹിച്ചു. ശ്രീ.ഹേമചന്ദ്രൻ ഐ.പി.എസ് (ഐ.ജി.പി തിരുവനന്തപുരം റെയ്ഞ്ച്) ആമുഖ പ്രസംഗവും ഡോ. രത്തൻ ഖേൽക്കർ ഐ.എ.എസ് (മുൻ ഡയറക്ടർ ആരോഗ്യകേരളം) ആശംസകൾ അർപ്പിക്കുകയും ചെയ്തു. ശ്രീ.എം.ആർ അജിത് കുമാർ ഐ.പി.എസ് (കമ്മിഷണർ ഓഫ് പൊലീസ്, തിരുവനന്തപുരം സിറ്റി) സ്വാഗതം ആശംസിച്ചു. ശ്രീ. എൽ.നാഗരാജു ഐ.പി.എസ് (ഡി.സി.പി ക്രമസമാധാനം, ട്രാഫിക്, തിരുവനന്തപുരം സിറ്റി) നന്ദി പ്രകാശിപ്പിച്ചു. ആരോഗ്യവകുപ്പു ഡയറക്ടർ ഡോ. എം. കെ. ജീവൻ, ആരോഗ്യകേരളം തിരുവനന്തപുരം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ജി.സുനിൽ കുമാർ തുടങ്ങിയവർ സംബന്ധിച്ചു. വിദഗ്ദ്ധ പരിശോധന ആവശ്യമുള്ളവരുടെ രക്തസാമ്പിളുകൾ ശേഖരിക്കുകയും പരിശോധനാഫലം അതത് പൊലീസ് ക്യാമ്പുകളിൽ എത്തിക്കുകയും ചെയ്തു.

# മന്തു രോഗികൾക്ക് ആശ്വാസമായി ചികിത്സാക്യാമ്പ്

ആരോഗ്യവകുപ്പിന്റെയും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അപ്ലൈഡ് ഡർമറ്റോളജിയുടെയും (IAD) ആഭിമുഖ്യത്തിൽ കാസർകോട് ജില്ലയിലെ ഉദുമ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ നവംബർ 15 ന് സൗജന്യ മന്തുരോഗചികിത്സാക്യാമ്പും, ബോധവത്ക്കരണക്ലാസ്സും സംഘടിപ്പിച്ചു. മന്തുരോഗികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാനുള്ള ഗവേഷണപദ്ധതിയുടെ ഭാഗമായി കാസർകോട്, കോഴിക്കോട്, ആലപ്പുഴ ജില്ലകളിൽ പഠനം നടത്തി വരുന്നു. കേരളസർക്കാർ സംരംഭമായ എൻവയോൺമെന്റ് മാനേജ്മെന്റ് ഏജൻസിയുടെ സഹായത്തോടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അപ്ലൈഡ് ഡർമറ്റോളജിയാണ് (IAD) പഠനം നടത്തുന്നത്. ഇതിന്റെ ഭാഗമായിട്ടാണ് വിദേശത്തുനിന്നുള്ള വിദഗ്ദ്ധ സംഘത്തിന്റെ നേതൃത്വത്തിൽ ക്യാമ്പ് സംഘടിപ്പിച്ചത്. ഉദുമ, പള്ളിക്കര പഞ്ചായത്തുകളിൽ നിന്നും ജില്ലയുടെ മറ്റു ഭാഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 75 പേർ ക്യാമ്പിൽ പങ്കെടുത്തു. ഇതിൽ 70 പേർക്കും മന്തുരോഗം ഉള്ളതായി കണ്ടെത്തി. ബോധവത്ക്കരണ ക്ലാസ്സുകൾ, യോഗാ പരിശീലനം, ചർമ്മസംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള സി.ഡി. പ്രദർശനം എന്നിവ നടന്നു. മലിനജലം ശുദ്ധമാക്കുന്ന സാങ്കേതികവിദ്യ ഐ.എ.ഡി. യിലെ ഡോ. പോൾ മാറ്റ്സ് പ്രദർശിപ്പിച്ചു.



# ലാബ് അക്രഡിറ്റേഷനിൽ പാലക്കാട് ജില്ല ഒന്നാമത്



പാലക്കാട് ജില്ലയിലെ 17 സർക്കാർ ലാബുകൾക്ക് ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ സർട്ടിഫിക്കേഷൻ ലഭിച്ചു. സർക്കാർ മെഡിക്കൽ ലാബുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള കേരള സർക്കാർ സംരംഭത്തിന്റെ ഭാഗമായാണ് ലാബുകൾക്ക് സർട്ടിഫിക്കേഷൻ ലഭിച്ചത്. സംസ്ഥാനത്തൊട്ടാകെ 64 ലാബുകൾക്കാണ് ഇതുവരെ അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ളത്.

ദേശീയ വാണിജ്യ-വ്യവസായ മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണസ്ഥാപനമാണ് ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ. ചെറുതും വലുതും ഇടത്തരവുമായ 362 സർക്കാർ മെഡിക്കൽ ലാബുകൾ സംസ്ഥാനത്തുണ്ട്. മിക്കവാറും സർക്കാർ ലാബുകളിൽ അവശ്യ മാനദണ്ഡങ്ങൾ പ്രകാരമുള്ള പരിശോധനകൾ നടക്കുന്നില്ല. ഇത്തരം ലാബുകൾക്ക് നിശ്ചിത അവശ്യമാനദണ്ഡങ്ങൾ ആവശ്യമാണ്. ഈ പശ്ചാത്തലത്തിലാണ് സംസ്ഥാന സർക്കാർ 2008 ആഗസ്റ്റ് 30 ന് 362 ലാബുകളുടെ അക്രഡിറ്റേഷനു വേണ്ടി ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുമായി ധാരണാപത്രം ഒപ്പു വച്ചത്.

പാലക്കാട് ജില്ലയിലെ 41 സർക്കാർ മെഡിക്കൽ ലാബുകളിൽ 30 ലാബുകളാണ് ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ വിലയിരുത്തലിന് വിധേയമായത്. ഇതിൽ 17 ലാബുകൾക്ക് അംഗീകാരം ലഭിച്ചു. 5 ലാബുകൾ അപര്യാപ്തതകൾ പരിഹരിച്ചു വരുന്നു. അക്രഡിറ്റേഷന്റെ ഭാഗമായി ലാബ് ടെക്നീഷ്യന്മാർക്കും ലാബിന്റെ ചുമതല വഹിക്കുന്ന മെഡിക്കൽ ഓഫീസർമാർക്കും ജില്ലാതലത്തിൽ പരിശീലനം നൽകി. എല്ലാ ലാബുകളും ക്വാളിറ്റി, സ്റ്റാൻന്റേഡ്, ഓപ്പറേറ്റിങ്, സാമ്പിൾ കളക്ഷൻ, ലാബ് സേഫ്റ്റി എന്നിവയ്ക്കുള്ള മാനുവൽ തയ്യാറാക്കി. അവസാനഘട്ട വിലയിരുത്തലിനു മുന്നോടിയായി ലാബുകൾ സ്വയം വിലയിരുത്തലും നടത്തി. സ്പെസിമെൻ ശേഖരണവും, സാമ്പിളുകളുടെ രജിസ്ട്രേഷനും മുതൽ ലാബുകളിൽ നടന്നുവരുന്ന മുഴുവൻ പ്രക്രിയകളും ഏകീകരിച്ചു. ലാബ് പരിശോധനകളുടെ വിശ്വാസ്യത വിലയിരുത്തുന്നതിനുള്ള സംവിധാനം നിലവിൽ വന്നു. ഗുണഭോക്താക്കളുടെ പരാതികളും നിർദ്ദേശങ്ങളും പരിഗണിക്കുക വഴി ലാബ് സേവനങ്ങളെക്കുറിച്ചുള്ള സംതൃപ്തി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. ജില്ലയിലെ ലാബുകളിൽ നിന്നുള്ള ബയോമെഡിക്കൽ മാലിന്യങ്ങൾ നിയമാനുസൃതമായി നിർമ്മാർജ്ജനം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അംഗീകാരം ലഭിച്ച ലാബുകൾ ഗുണഭോക്താക്കൾക്ക് ഉയർന്ന നിലവാരത്തിലുള്ള സേവനം നൽകുന്നു. ലാബ് പരിശോധനകളുടെ വിശ്വാസ്യത ഉറപ്പുവരുത്തുന്നു. അക്രഡിറ്റേഷൻ ലഭിച്ച ലാബുകളുടെ നിരന്തരമായ മെച്ചപ്പെടലും കൂടുതൽ ലാബുകളുടെ അക്രഡിറ്റേഷനും 2011 ൽ വിഭാവനം ചെയ്തിട്ടുണ്ട്.



ആരോഗ്യകേരളം സംസ്ഥാന മിഷൻ ഡയറക്ടറായി **ശ്രീ. സൗരബ് ജയിൻ ഐ.എ.എസ്** ചുമതലേറ്റു. ഇദ്ദേഹം 2003 ബാച്ചിലെ ഐ.എ.എസ് ഉദ്യോഗസ്ഥനാണ്.

## PPIUCD ശിൽപശാല

ആരോഗ്യകേരളത്തിന്റെ നേതൃത്വത്തിൽ കുടുംബാസൂത്രണത്തിനുള്ള നൂതനമാർഗ്ഗമായ Post Partum Intrauterine Contraceptive Device (PPIUCD) നെക്കുറിച്ച് കോഴിക്കോട് മാതൃശിശു സംരക്ഷണകേന്ദ്രം (IMCH), സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, ജനറൽ ആശുപത്രി എന്നിവിടങ്ങളിലെ ഡോക്ടർമാർക്കും, നഴ്സുമാർക്കും ഒരു ദിവസത്തെ ശില്പശാല സംഘടിപ്പിച്ചു. മറ്റ് കുടുംബാസൂത്രണ മാർഗ്ഗങ്ങളിൽ നിന്നും വ്യത്യസ്തമായ ഒട്ടേറെ സവിശേഷതകൾ ഉള്ള ഉപാധിയാണ് PPIUCD (Placenta Out & Cut In). ഏറ്റവും എളുപ്പത്തിൽ ചെയ്യാവുന്നതും, രോഗിയുടെ മാത്രം സമ്മതം ആവശ്യമുള്ളതുമായ മാർഗ്ഗമാണിത്. ഇതിൽ പ്രസവം നടന്ന ഉടൻതന്നെ സ്ത്രീയുടെ ഉള്ളിൽ IUCD നിക്ഷേപിക്കുന്നു. പ്രസവത്തിനുശേഷം ഏറ്റവും പെട്ടെന്നു തന്നെ സ്ത്രീകൾക്ക് സുരക്ഷിതമായ രീതിയിൽ കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കാൻ ഇതുകൊണ്ടുസാധിക്കുന്നു. ഏഷ്യയിലെതന്നെ ഏറ്റവും കൂടുതൽ പ്രസവങ്ങൾ നടക്കുന്ന രണ്ടാമത്തെ ആശുപത്രിയായ കോഴിക്കോട് മാതൃശിശു സംരക്ഷണകേന്ദ്രത്തിൽ ഇങ്ങനെയൊരു പരിശീലനം സംഘടിപ്പിക്കുക വഴി സന്ദേശം ആരോഗ്യപ്രവർത്തകരിലൂടെ ഒരു വലിയ വിഭാഗം സ്ത്രീകളിലേക്ക് എത്തിക്കാൻ കഴിയും..

മാതൃശിശു സംരക്ഷണകേന്ദ്രത്തിലെ സ്ത്രീരോഗ വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. ലക്ഷ്മി, ആരോഗ്യകുടുംബക്ഷേമ മന്ത്രാലയത്തിൽ നിന്നും ഡോ. ജയലാൽ മോഹൻ എന്നിവരാണ് പരിശീലനം നൽകിയത്.

## ലഹരിവിരുദ്ധ ക്യാംപയിൻ

പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിൽ പുകയിലയുടെയും മറ്റു ലഹരിവസ്തുക്കളുടെയും അമിതോപയോഗത്താലുള്ള ആരോഗ്യപ്രശ്നങ്ങൾ രൂക്ഷമാണ്. പുതൂർ ഗ്രാമപഞ്ചായത്തിലാണ് ദൂഷ്യഫലങ്ങൾ വ്യാപകം. ഇതിന്റെ അടിസ്ഥാനത്തിൽ പുതൂർ പഞ്ചായത്തിന്റെയും പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ സ്കൂൾവിദ്യാർത്ഥികൾക്കായി 4 ദിവസം നീണ്ടുനിൽക്കുന്ന ബോധവത്ക്കരണപരിപാടി നടപ്പിലാക്കി. പുതൂർ സർക്കാർ ട്രൈബൽ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ 9-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള ആൺകുട്ടികൾക്കിടയിൽ സാമ്പിൾ സ്ക്രീനിങ് നടത്തി. വ്യക്തിഗത കൗൺസലിങ്ങും, ഓറൽകാവിറ്റി പരിശോധനയും ലാപ്പ്ടോപ്പിന്റെ സഹായത്തോടെ പുകയിലയുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണവും നടന്നു.

www.designpepper.in

NRHM Monthly Newsletter published by State Mission Director, National Rural Health Mission, 'Arogyakeralam', Directorate of Health Services
General Hospital Jn., Thiruvananthapuram 695 035, Tel: 0471-2302784, Telefax: 91-471-2301181, www.arogyakeralam.gov.in